(ഡി) വർദ്ധിപ്പിച്ച രീതിയിലുള്ള ഇൻസെന്റീവ് സഹകരണ-സ്വകാര്യ മേഖലകൾക്ക് നൽകാൻ നടപടി സ്വീകരിച്ചു. ഡീ-ഫൈബറിംഗ് മില്ലുകൾക്ക് ഇത് നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ ഒരു പ്രൊപ്പോസലിന് അംഗീകാരം നൽകിക്കഴിഞ്ഞു.

കയറിന്റെ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യം

209(3132) ശ്രീ. കെ. അജിത് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ കയറിന്റെ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തുനിന്നും ലഭിക്കുന്ന തൊണ്ടിന്റെ സംഭരണത്തിന് ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കയർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കയർ ഡീ-ഫൈബറിംഗ് മേഖലയിൽ തൊണ്ടിന്റെ ലഭ്യതക്കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.

(ബി) തൊണ്ട് സംഭരണത്തിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരണത്തിനായി 36 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനമായി ഓരോ കൺസോർഷ്യത്തിനും 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൺസോർഷ്യങ്ങൾക്കു പുറമെ ചെറുതും വലുതുമായ ഡീ-ഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കുന്നു.

807/2017

LIBRARY ARCHIVES Kerala Legislative Assembly

(സി) ചകിരിയുടെ ദൗർലഭ്യവും വിലക്കയറ്റവും പരിഹരിക്കുന്നതിന് കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 4,86,20,000 രൂപ 2013-14-ൽ അനുവദിച്ചു. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വില വരുന്ന 43710.82 ക്വിന്റലും 06.08.2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപവരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) വികസിപ്പിച്ച. ദിവസവും 3000-4000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന മിനി ഡീ-ഫൈബറിംഗ് മെഷീനുകൾ 2009-10 മുതൽ കയർ മേഖലയിൽ വിതരണം ചെയ്തുവരുന്നു. ഈ മെഷീന്റെ പരിഷ്കരിച്ച മോഡൽ നിർമ്മിച്ചു നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ ഡീ-ഫൈബറിംഗ് സംഘങ്ങൾക്ക് വലിയ ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകിവരുന്നു. ചകിരി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ടുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കയർ മേഖലയെ ശക്തിപ്പെടുത്താൻ കർമ്മ പദ്ധതികൾ

210(3133) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർമേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാരിന്റെകാലത്ത് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ഇക്കാലയളവിൽ കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) എത്രശതമാനം വർദ്ധനവാണ് ഓരോ സാമ്പത്തിക വർഷത്തിലും വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly